## 84

ദേവദേവന്നു മംഗളം മഹോന്നതനാം
ദേവദേവന്നു മംഗളം

1 ദേവദൂതരാകാശേ ദിവ്യഗീതങ്ങൾ പാടി
കേവലാനന്ദത്തോടു മേവി സ്തുതി ചെയ്യുന്ന-

2 സകല ലോകങ്ങളിലെ സർവ്വഗണങ്ങളെയും
സുഖമുടനെ പടച്ചു സകലനാളും പാലിക്കും-

3 നരഗണങ്ങളിന്നതി ദുരിതമൊഴിപ്പതിന്നായ്
തിരുമകനെ നരനായ് ധരിണിയിങ്കലയച്ച-

4 പാപബോധം വരുത്തി പാപിയെ ശുദ്ധമാക്കാൻ
പാവനാത്മാവെ നൽകും ജീവജലാശയമാം-

5 ആദരവോടു തന്റെ വേദവെളിവുമനു-
ജ്ജാതികൾക്കരുളിയ ആദിനാഥനാകുന്ന- J.J.